Written Answers

കർഷകതൊഴിലാളി സംഘടനകൾ

*നവ ൪. (നവ൭) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർകൊച്ചിയിൽ കർഷകതൊഴിലാളികൾ എത്ര യെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) അവരുടെ അഭിവൃദ്ധികൾക്കായി എത്ര സംഘങ്ങൾ പ്രവർത്തനം നടത്തുന്നു;

(സി) അതിൽ ഏതെങ്കിലും സംഘത്തെ നിയമവിരുദ്ധസംഘടനയായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അത്തരം സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകൾ എടുത്തിട്ടില്ല.

(ബി) കർഷകതൊഴിലാളികളുടെ വകയായി ഒരു ട്രേഡ് യൂണിയനും ട്രേഡ് യൂണിയൻ ആക്ടനുസരിച്ച് റജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. താഴെ പറയുന്ന സംഘടനകളെ നിയമവിരുദ്ധമാക്കിയിട്ടുണ്ട്.

൧. കർഷകതൊഴിലാളി യൂണിയൻ, ആലപ്പുഴ.

൨. അഗ്രിക്കൽച്ചർ ലേബർ യൂണിയൻ, വൈക്കം.

മിനിമം വേജസ് ആക്ട്

*നവ ൯. (നവ) ശ്രീ. പി. കെ. കുഞ്ഞനശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മിനിമം വേജസ് ആക്റ്റ് എന്നു നിയമമായി എന്നു പറയുമോ;

(ബി) പ്രസ്തുത ആക്ട് കാർഷികതൊഴിലാളികൾക്ക് സഹായകമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) പ്രസ്തുത നിയമത്തിനു വിപരീതമായി പ്രവർത്തിച്ചിട്ടുള്ള ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഫലം എന്ത്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂറിൽ ൧൯—൫൦—൫൧ൽ൭൰ം, കൊച്ചിയിൽ ൧— ൧—൫൧ൽ൫൯ൽം.

(ബി) പ്രസ്തുത നിയമം അനുസരിച്ച് മിനിമം വേജസ് എടുപ്പിടത്തുവാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

(സി) ബി വിഭാഗത്തിന്റെ ഉത്തരം നിമിത്തം ഈ ചോദ്യം ഉണ്ടാവുന്നില്ല.

വ്യവസായശാലകൾക്ക് ശമ്പളത്തോടുകൂടിയുള്ള ലീവ്

*നവ ൭. (൫൯) ശ്രീ. പീലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യൻ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് ൧൫ വ്യവസായശാലകൾക്ക് ശമ്പളത്തോടുകൂടി അവധി കൊടുക്കണമെന്നുള്ള വല്ല നിർദ്ദേശവും ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള നിർദ്ദേശം അനുസരിക്കാതിരുന്ന വ്യവസായശാലകൾ ഉണ്ടെന്നു ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇതേ സംബന്ധിച്ചു എന്തെങ്കിലും പരാതി തൊഴിലാളികളിൽ നിന്നും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഡി) അതിന്മേൽ ഗവൺമെന്റു് എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസു വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

(ഡി) വേണ്ട നടപടികൾ എടുത്തു പരാതി തീർത്തിട്ടുണ്ടു്.

നിത്യോപയോഗസാധനങ്ങൾക്കുള്ള വിലക്കയറ്റം

*നമ്പർ. (൪൪) ശ്രീ. വി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) കൊറിയൻയുദ്ധം ആരംഭിച്ചതിനുശേഷം ഉണ്ടായിട്ടുള്ള നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തെ തടയുവാൻ ഗവൺമെന്റു് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്തെല്ലാം;

(സി) നിത്യോപയോഗസാധനങ്ങൾക്കു വളരെ വില കൂടുതലാണെന്നു ഗവൺമെന്റിനു് ഏതെങ്കിലും പരാതികൾ ലഭിക്കുകയുണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു്.

(ബി) പുതിയ സപ്ലൈസ് ആൻഡ് പ്രൈസസ് ഓർഡിനൻസ് അനുസരിച്ചുള്ള അധികാരങ്ങൾ ഇവിടത്തെ ഉദ്യോഗസ്ഥന്മാർക്കു് നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്.

ബസ്സപകടം

*നമ്പർ. (൪൬) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ വർഷം ജനുവരി തുടങ്ങി ജൂലായി അവസാനംവരെ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി സ്വകാര്യ ഏജൻസികളും ഗവൺമെന്റും നടത്തുന്ന ബസ്സു്, ലോറി സർവ്വീസുകളിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടു്;

(ബി) ഇതിൽ എത്രയെണ്ണത്തിനു് അതിനുത്തരവാദപ്പെട്ടവരെ ശിക്ഷിച്ചിട്ടുണ്ടു്;

(സി) ഈ അപകടങ്ങൾക്കുള്ള കാരണം എന്തെന്നു ഗവൺമെന്റു് അന്വേഷിച്ചിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്):

(എ) സ്റ്റേറ്റു ട്രാൻസ്പോർട്ടിൽ ആകെ പതിനഞ്ചും, സ്വകാര്യ ഏജൻസികൾ നടത്തുന്ന സർവ്വീസുകളിൽ ഒരുനൂറ്റി അൻപത്തഞ്ചും.

LIBRARY ARCHIVES Kerala Legislative Assembly